
ജ്വാല
ഡിജിറ്റൽ മാഗസിൻ
അൽ- ഫാറൂഖിയ ഹയർ സെക്കന്ററി സ്കൂൾ ,ചേരാനെല്ലൂർ

# ഉള്ളടക്കം

വായനക്കാരോട്.....3
ആശംസ.....5
പൂമൊട്ടുകൾ.....6
വാടാമലരുകൾ വാടാതിരിക്കട്ടെ.....7
ഹൃദയം തേങ്ങുന്നു.....8
പ്രകൃതി.....9
മറക്കല്ലേ മാതാവിനെ.....10
അത്യാഗ്രഹം ആപത്ത്.....11
കടലാമ.....13
വിശപ്പ്.....15
ജലം.....16
"പ്രളയം ഒരു ഓർമ്മപ്പെടുത്തൽ".....17
ഓർമ്മയിലെ ഒരു തേങ്ങൽ.....21
പൊതുവിജ്ഞാനം.....23
പ്രശ്നോത്തരി (സാങ്കേതിക വിദ്യ ).....25
പഴഞ്ചൊല്ലുകൾ.....26
ലോക പ്രശസ്ത പുരസ്കാരങ്ങൾ.....27
പെയ്തൊഴിയാതെ.....28
വരകളുടെ ലോകം.....31

# എഡിറ്റോറിയൽ

## വായനക്കാരോട്..............

പ്രതീക്ഷയുടെ പൊൻകിരണങ്ങളുമായി സഞ്ചരിക്കാം............ജ്വാലയോടൊപ്പം........

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒന്നേ ഉള്ളൂ. അതാണ് മാറ്റം. വിദ്യഭ്യാസ സമ്പ്രദായത്തിൽ എത്തിയ നൂതന മാറ്റമാണ് സാങ്കേതികവിദ്യ . അറിവിന്റെ വിശാലമായ ലോകത്തേക്ക് അതിവേഗം എത്തിച്ചേരാനുള്ള പുതിയ സംവിധാനമാണിത്. ഇതാ ഇവിടെ കുട്ടികളിലെ സൃഷ്ടിപരത നൈസർഗ്ഗികമായി തളിർത്ത് വിരിഞ്ഞു പന്തലിക്കാൻ 'ജ്വാല' അവസരം ഒരുക്കുന്നു.ഭാവനയുടെ ലോകത്തേക്ക് വാക്കുകളാക്കുന്ന ചിറകുകൾ വിരിച്ച് പറന്നുയരാം.

'ജ്വാല' ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ വാക്കുകളിലൂടെയും,വരകളിലൂടെയും സൃഷ്ടികൾ നൽകി സഹായിച്ച എല്ലാവർക്കും ഞങ്ങൾ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ ഹൃദയംഗമായ നന്ദി അറിയിക്കുന്നു. അതോടൊപ്പം ഞങ്ങൾക്ക് ഈ സംരംഭത്തിനുവേണ്ട എല്ലാ മാർഗനിർദ്ദേശങ്ങളും നൽകിയ കൈറ്റ് മിസ്ട്രസ്സ്മാരായ സബിത ടീച്ചർക്കും

ബിന്ദു ടീച്ചർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

**സുഹ്ന.എം .എച്ച്**
**( 9b)**

പ്രിയപ്പെട്ട വിദ്യാർത്ഥി കളെ.

ഇൻഫർമേഷൻ ടെക്നോളജി യുടെ ഈ കാലഘട്ടത്തിൽ എല്ലാ കാര്യങ്ങളും ഡിജിറ്റൽ ആയി മാറിക്കഴിഞ്ഞു. ഈ അവസരത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യാൻ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മെമ്പേഴ്സിന്റെ പ്രയത്നത്തിൽ എന്റെ അതിയായ സന്തോഷവും അഭിമാനവും ഇവിടെ പങ്കുവെയ്ക്കുന്നു. ഇതിന്റെ വിജയത്തിനായി പരിശ്രമിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

ഇതുപോലെയുള്ള പുതിയ പുതിയ സംരംഭങ്ങൾ നിങ്ങളുടെ I. T. സ്കിൽസ് മെച്ചപ്പെടുത്തും. അങ്ങനെ നിങ്ങൾക്ക് ഭാവിയിൽ അക്കാദമികമായും പ്രൊഫഷ-ണലായും ഇത് പ്രയോജനപ്പെടട്ടെയെന്നും ആശംസിക്കുന്നു

പ്രിൻസിപ്പാൾ

അനിത കുമാരി എം പി

# ആശംസ

വിരൽ തുമ്പിൽ വിസ്മയങ്ങൾ സൃഷ്ടിക്കുന്ന സാ ങ്കേതികവിദ്യ അനുനിമിഷം വികസിച്ചുക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ജിജ്ഞാസുവായ മനുഷ്യന്റെ ഭാവന ,ബുദ്ധി,അശ്ലീണ പ്രയത്നം, എന്നിവയുടെ സമഞ്ജസമായ യോഗത്തിന്റെ സത്ഫലങ്ങളാണ് സാങ്കേതിക വിദ്യയിലൂടെ ലഭ്യമാകുന്നത്. വിദ്യാഭ്യാസം ഒരു വ്യക്തിയെ വിവേകിയും വിനയസമ്പന്നനുമാക്കുന്നു. പുതിയ തലമുറയ്ക്ക് സാങ്കേതിക വിദ്യയുടെ നൂതന മേഖലയിൽ പരിജ്ഞാനം നൽകുന്ന 'പരിശീലനം' വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഈസംരംഭം സ്വാഗതാർഹമാണ്. ഈ ശാസ്ത്രീയ നേട്ടം മാനവരാശിയുടെ,ലോകത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താനുള്ള സന്നദ്ധതയും,ഹൃദയ വിശാലതയുംകൂടി വിദ്യാർത്ഥികളിൽ വളർന്നു വരട്ടെ ! അതാണു നമ്മുടെ സംസ്കാരം.


ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു

സസ്നേഹം

ടി .എൽ .സതീദേവി

ചേരാനല്ലൂർ (മുൻ .ഹെഡ്മിസ്ട്രസ് )

# പൂമൊട്ടുകൾ



വിരിയട്ടെ പല വർണ്ണങ്ങളിലായ്
നിറയട്ടെ സുഗന്ധം നാനാദിക്കിലും
അറിവുതൻ മലരാവണം നമ്മൾ
വാടാതിരിക്കാം ഏതു കൊടിയചൂടിലും
തിളങ്ങണം അറിവിന്റെ ജ്വലയായ്
മങ്ങാതിരിക്കാം മയാതിരിക്കാം
ഏത് കൂരിരുട്ടിലും
നിലകൊള്ളട്ടെ സ്നേഹവും കരുണയും
തിളങ്ങട്ടെ സാഹോദര്യം എങ്ങുമാറും
ജ്വാലതൻ വെളിച്ചത്തിൽ തെളിയട്ടെ
പുതിയൊരു അറിവുതൻ പുത്തൻ ഭാവങ്ങൾ
ഡിജിറ്റൽ ലോകത്തിൻ നിറങ്ങൾ പകരാം
വിരിയട്ടെ വിരൽ തുമ്പിനാൽ വിസ്മയങ്ങൾ

ബിന്ദുമതി എ വി
കൈറ്റ് മിസ്ട്രസ്

# വാടാമലരുകൾ വാടാതിരിക്കട്ടെ

ഓരോ ദിവസവും പുലരുമ്പോഴും നമ്മുടെ നിരത്തുകളും, ഇടവഴികളും കുഞ്ഞുങ്ങൾകൊണ്ട് നിറയാറുണ്ട്. നാടിന്റെ നാളത്തെ പൗരന്മാർ !!!, മാതാപിതാക്കളുടെ സ്വപ്ന സാക്ഷാൽക്കാരങ്ങൾ. കുടുംബത്തിന്റെ അത്താണി, സമൂഹത്തിലുള്ള നിലയും വിലയുമുള്ള മണിമുത്ത് . മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും മറ്റും നന്മയുടെയും അറിവിന്റെയും പാഠങ്ങളും ഉപദേശങ്ങളും പകർന്ന കിട്ടുമ്പോഴും അക്ഷരംപ്രതി അനുസരിക്കാൻ സന്നദ്ധത് കാണിക്കുന്ന ഈ കുഞ്ഞുങ്ങൾക്ക് എവിടെയാണ് താളം തെറ്റുന്നത് കുടുംബ പശ്ചാത്തലമോ നൂതന സാങ്കേതിക വിദ്യയുടെ ചുറ്റുപാടുമുള്ള വ്യത്യസ്തരായ അപ്പർ പ്രൈമറി ക്ലാസ്സുകളിൽ തുടങ്ങിയ പഠന വിഷയങ്ങളെക്കാൾ മറ്റെന്തൊക്കെയോ അറിയാനും അനുഭവിക്കാനും ഉള്ള വ്യഗ്രത ഏറുകയാണ്. ഇൻറർനെറ്റിന്റെയും മയക്കുമരുന്നിനും മാസ്മരിക ലോകത്തേക്കുള്ള യാത്ര ആരംഭിക്കുകയാണ്. അതോടൊപ്പം ഞാനെന്ന ഭാവവും ഭൗതികലോകം മാത്രം സ്വപ്നം കാണുകയും അതിനെ ഉൾക്കാമ്പ് കളിലേക്ക് ഇറങ്ങുകയും ചെയ്യുമ്പോൾ നമുക്ക് നാമറിയാതെ എന്തൊക്കെയോ നഷ്ടപ്പെടുന്നു. ബഹുമാനം, ആദരവും എന്നീ രണ്ടു സുപ്രധാന ഗുണങ്ങൾ മറന്നുപോകുന്നു. സ്നേഹം എന്ന രണ്ടു വാക്കിന് അർത്ഥശൂന്യവും വ്യാജവും ആയിമാറുന്നു. എന്തും നേടിയെടുക്കാനുള്ള തന്ത്രപ്പാടിലാണ് ഇന്നത്തെ തലമുറ. സ്വയം നശിക്കുന്നത് അവസാനിക്കുന്നില്ല ഇന്നത്തെ നിലനിൽപ്പ്മാത്രമാണ് അവനെ പ്രധാനം. നാളെ എന്ന ജീവിതത്തെക്കുറിച്ച് പാട് മറക്കുന്നില്ല എന്ന് സംശയം പഴയ തലമുറയെ വേദനിപ്പിക്കുകയും ഒപ്പം ഭ്രാന്ത് പിടിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ തലമുറയെ ആരോഗ്യമുള്ള മനസ്സുമായി കർമ്മനിരതമായ പ്രവർത്തന മണ്ഡലത്തിലേക്ക് പ്രവഹിക്കുന്ന വരക്കാൻ ഓരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്

മുംതാസ് കെ.എം

(മലയാളം ടീച്ചർ)

# ഹൃദയം തേങ്ങുന്നു

നോവുന്ന നീറുന്നു മാനസം നിത്യവും
വേദനയാൽ ചുട്ടുപെള്ളിടുന്നു.
മൃഗതുല്യമെന്ന ആ വാക്കിനെ വെല്ലുന്ന,
മൃഗത്വം മനുഷ്യനിൽ കുടിയേറിയോ ?
യുഗാന്തരങ്ങളായ് പാടിപൊലിക്കുന്ന,
അമ്മയാം ലക്ഷ്മിയാം സ്ത്രീമഹത്വം,
പിച്ചിചീന്തീടുന്ന പാഴ് വസ്തു വായത്,
സാങ്കേതികത്വത്തിൻ മികവുകൊണ്ടോ ?
ലാളനയേൽക്കേണ്ടൊരു പിഞ്ചു മുത്തിനെ
ഏതൊരു ദൃഷ്ടിയാൽ നേക്കികാണ്മു
ക്രൂരാ, നരാധമാ, കാട്ടാളാ, കാമാർത്താ,
ഏതൊരു പേരു ഞാൻ നൽകിടേണ്ടു ,
കാരിരുമ്പാകുന്ന മ്ഷ്ടി വലയത്തിൽ ,
പെട്ടൊരു സ്ത്രീത്വത്തെ നിഷ്കരുണം ,
കരിയില തുണ്ടു പോൽ ചിതറിടുമ്പോളതു ,
ജീവനായ് കുതറി വിലപിക്കുമ്പോൾ
വിതുമ്പുന്നുണ്ടാകും ഭൂമി മാതാവു പോലും
തെറ്റിനെയോർത്തു തേങ്ങുകില്ലേ..........

മുംതാസ് കെ.എം
(മലയാളം ടീച്ചർ)

# പ്രകൃതി



പ്രകൃതിയുടെ വരദാനമാണ് നമ്മൾ കാണുന്ന തെളിവെള്ളം നിറഞ്ഞ ജലാശയങ്ങൾ, ഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങൾ ,പച്ചപ്പട്ടു പുതച്ച പാടങ്ങൾ, മനോഹരമായ പൂക്കൾ വിരിഞ്ഞ് നിൽക്കുന്ന പലതരം ചെടികൾ, ആകാശവുമായി അഭിമുഖം നടത്തുന്ന മലനിരകൾ, തെങ്ങോലകൾ കാറ്റത്ത് കൂട്ടിമുട്ടുമ്പോൾ ഉണ്ടാക്കുന്ന ശബ്ദവും തടാകത്തിലെ കുളമ്പടി ശബ്ദവും കേൾക്കുമ്പോൾ പ്രകൃതിയുടെ താരാട്ട് പോലെയാണ് നമ്മുക്ക് അനുഭവപ്പെടുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ്. ആ അമ്മ യുടെ മക്കളാണ് നമ്മൾ. പ്രകൃതിയിലെ ഏഴ് നിറത്തിലുള്ള മഴവില്ലുകൾ കാണുമ്പോൾ നമ്മളെ ഏറെ ആഹ്ലാദപ്പിക്കുന്നു. പ്രകൃതി സ്നേഹത്തിന്റെ ഉടമകളാകണം നമ്മൾ . പൂക്കളുടെ തേൻനുകരാൻ വരുന്ന വണ്ടുകളും പൂമ്പാറ്റകളും ഉണ്ടാക്കുന്ന ശബ്ദങ്ങൾ നമ്മെ സന്തോഷത്തിലാക്കുന്നു. ഏത് ദുഃഖത്തിലും പ്രകൃതിയുടെ സൗന്ദര്യത്തിൽ ലയിച്ചുചേർന്നാൽ ഏത് ദുഃഖവും മറന്നു പോകും. പ്രകൃതിയുടെ ഈ സൗന്ദര്യം ആസ്വദിക്കുന്നവരാണ് നമ്മൾ . എന്നാൽ നാം ഇന്ന് പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ വളരെ ഏറെയാണ്. പ്രകൃതിയില്ലങ്കിൾ നമ്മൾ ഇല്ല എന്നത് സത്യമാണ് .

സുഹ്ന .എം .എച്ച് (9 b)

# മറക്കല്ലേ മാതാവിനെ

മാതൃസ്നേഹം എന്ന വാക്കിൻറെ അർത്ഥം അത് മാതാവിനോടുള്ള സ്നേഹമാണ് . മാതാവിനെ 'ഛേ 'എന്ന് പോലും പറയരുത് എന്നതാണ് മുഹമ്മദ് നബി



പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട തങ്ങളു-ടെ അരികിൽ ഒരു മനുഷ്യൻ വന്നു ചോദിക്കുകയുണ്ടായി ലോകത്തെ ഏറ്റവും കടപ്പാട് കാണിക്കേണ്ടത് ആരോടാണ് ? പ്രവാചകൻ പറഞ്ഞു മാതാവിനോടാണ് ഏറ്റവും കൂടുതൽ കടപ്പാട് കാണിക്കേണ്ടത് വീണ്ടും രണ്ടു പ്രാവശ്യം കൂടി ഇതേ ചോദ്യം ആവർത്തിച്ചു . അപ്പോഴും പ്രവാചകൻ പറഞ്ഞു മാതാവിനോട് തന്നെയാണ് ഏറ്റവും കടപ്പാട് കാണിക്കേണ്ടത്. മാതാവാണ് 10 മാസം ഗർഭം ചുമന്നതും പ്രസവിച്ചതും ,കുഞ്ഞുപ്രായത്തിൽ നമ്മെ സംരക്ഷിച്ചതും . മാതാവിൻറെ ത്യാഗത്തിനും സ്നേഹത്തിനും മുകളിൽ മറ്റൊരു ബന്ധവും വരില്ല പ്രവാചകൻ പറയുന്നു മാതാവിൻറെ കാലിന് കീഴിലാണ് സ്വർഗ്ഗമെന്ന് .ദൈവം നമുക്ക് നിന്ന് ഏറ്റവും വലിയ അനുഗ്രഹമാണ് നമ്മുടെ മാതാവ് .ആ മാതാവിനെ സ്നേഹിക്കുവാനും സംരക്ഷിക്കുവാനും നമുക്ക് സാധിക്കണം.എന്നാൽ ഈ കാലഘട്ടത്തിൽ മാതാപിതാക്കളുടെ അവസ്ഥ എന്താണ് . ഒരു മാതാവ് പത്തു മക്കളെ സംരക്ഷിക്കുന്നു എന്നാൽ പത്തു മക്കൾക്ക് ഒരു മാതാവിനെ സംരക്ഷിക്കാൻ സാധിക്കുന്നില്ല .അതിനു തെളിവാണ് വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ . മാതാവിന് ദൈവ പരിവേശം നല്കിയ ഭാരതസംസ്കാരത്തിനെ തകർച്ചയാണ് ഇത് സൂചിപ്പിക്കുന്നത് .മാതാ പിതാ ഗുരു ദൈവം എന്ന സങ്കല്പത്തിൽ നിന്ന് നമ്മൾ വ്യതിചലിച്ചിരിക്കുന്നു .മാതാവിനെപ്പോലും സംരക്ഷിക്കുവാൻ സാധിക്കാത്ത പുതുതലമുറക്ക് മനുഷ്യത്വത്തെ എങ്ങനെ നിർവചിക്കാൻ സാധിക്കും.വർദ്ധിച്ചു വരുന്ന വൃദ്ധ സദനങ്ങൾക്ക് താഴിടേണ്ടത് നമ്മൾ തന്നെയാണ് മാതാപിതാക്കളെ സ്നേഹിച്ചും സംരക്ഷിച്ചും നമുക്ക് ലോകത്തിന് മാതൃകയാകാം .

അൻസൽ അഫ്സൽ

# അത്യാഗ്രഹം ആപത്ത്




ഒരിടത്ത് ഒരിടത്ത് ഒരു ചേട്ടനും അനിയനും താമസിച്ചിരുന്നു. ചേട്ടന്റെ പേര് ദാമുവെന്നും .അനിയന്റെ പേര് രാമുവെന്നുമാണ് .ദാമു പണകാരിയായസ്ത്രീയെയാണ് വിവാഹം ചെയ്തത് . രാമു ഒരു പാവപ്പെട്ട സ്ത്രീയെയാണ് വിവാഹം ചെയ്തത്. ദാമുവിന്റെ ഭാര്യ പണകാരി ആയതിനാൽ ദാമുവിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല .രാമു വിറകു വിറ്റാണ് ജീവിക്കുന്നത് അതിനാൽ ചിലപ്പോൾ നല്ല മരം കിട്ടില്ല അപ്പോൾ രാമുവിന്റെ കുടുംബം പട്ടിണിയാകും ഒരിക്കൽ രാമു മരം വെട്ടുകയായിരുന്നു അപ്പോൾ ഒരു മരം രാമുവിന്റെ ശ്രദ്ധയിൽ പെട്ടത്.

അതിന്റെ പകുതി ഭാഗത്തെ ഇല ഉണങ്ങിയും പകുതി ഭാഗത്തെ ഇല പച്ചപ്പ് നിറഞ്ഞ് നിൽക്കുന്നത് കണ്ടു . രാമു ആ മരത്തിത്തിന്റെ അടുത്തേക്ക് പോയി അപ്പോൾ അതിന് അകത്ത് ഒരു പൊത്തുണ്ടായി.അതിൽ മൂന്ന് പെട്ടികളും അപ്പോൾ ഒരു ഇല രാമുവിന്റെ അടുത്ത് വീണു . അതിൽ ഇപ്രകാരം എഴുതിയിരുന്നു ഇതിൽ നിന്ന് ഏതെങ്കിലും പെട്ടി എടുക്കുക രാമു അതിൽ നിന്ന് ഏറ്റവും ചെറിയ പെട്ടി എടുത്തു വീട്ടിൽ കൊണ്ടുപ്പോയി തുറന്നു നോക്കി അതിൽ നിറയെ സ്വർണവും രത്നങ്ങളുമായിരുന്നു . അത്കൊണ്ട് രാമു സുഖമായി ജീവിക്കുകയും ആളുകൾക്ക് ദാനം ചെയ്യുകയും ചെയ്തു . ഇത്കണ്ട് ആളുകൾ പറഞ്ഞു : രാമുവിന്റെ നല്ല മനസ്സിന് കിട്ടിയ സമ്മാനമാണിത്. ഇത് കേട്ടറിഞ്ഞ ചേട്ടൻ ദാമുവിനും ഭാര്യക്കും അസൂയയായി . അവർ രാമുവിന്റെ അടുത്തുപോയി കാര്യങ്ങൾ ചോദിച്ചു . എങ്ങനെയാണ് രത്നങ്ങൾ കിട്ടിയതെന്ന്

അറിഞ്ഞപ്പോൾ തന്നെ അവർ അങ്ങോട്ട്പ്പോയി . അവർ ആ മരം കണ്ടുപിടിക്കുകയും അതിൽ നിന്ന് ഏറ്റവും വലിയ പെട്ടി എടുകുകയും ചെയ്തു . അവർ അത് വീട്ടിൽ കൊണ്ടുപ്പോയി തുറന്നതും പാമ്പുകളും മറ്റു ജന്തുകളും ഇറങ്ങിവന്നു ഒപ്പം തന്നെ ഒരു ഒച്ചയും കേട്ടു . പിന്നെ നോക്കുമ്പോൾ വീടും പറമ്പും കൃഷിയും എല്ലാം നശിച്ചിരിക്കുന്നു .അപ്പോൾ അവർക്ക് മനസ്സിലായി അത്യാഗ്രഹമാണ് ഇതിന് എല്ലാം കാരണം എന്ന് .അതിൽ നിന്ന് അവർ ഒരുപാഠം പഠിച്ചു .

*നൂരിയ ടി.എ.*

*9B*

# കടലാമ

കടൽ അലയടിച്ചുയരുന്നു, കടൽത്തീരങ്ങൾ കരയിലേക്ക് ആഞ്ഞടിക്കുന്നു.ആ സ്ഥലം മനോഹരമായ ഒരു ദ്വീപായിരുന്നു. അവിടെജോർജിന്റെയും ലിവയുടെയും മകളാണ് ഷിയ. സുന്ദരി കുട്ടിയാണവൾഏകദേശം നാല് വയസ്സ് പ്രായം. അങ്ങനെ ഒരിക്കൽ അവൾ അച്ഛനെയും അമ്മയുടെയും കണ്ണുവെട്ടിച്ച് കടൽതീരത്തേക്ക് നടന്നുനീങ്ങി . അവൾ വിശാലമായ നീല ജലാശയം നോക്കി പുഞ്ചിരിച്ചു. അവൾ പതിയെ കടലിന്റെ അടുത്തോട്ട് നടന്നുനീങ്ങി. തിരമാലകൾ അവളുടെ കാലിൽ മെല്ലെ വന്നു തലോടി. പുഞ്ചിരിയോടെ അവൾ അത് ആസ്വദിച്ചു. പെട്ടെന്ന് ഒരു കൂറ്റൻ തിരമാല . അവൾ ഭയന്ന് വിറച്ച് ഓടി. ഓട്ടത്തിനിടെ എന്തിലോ തട്ടി അവൾ വീണു. എഴുന്നേറ്റു നോക്കുമ്പോൾ ഒരു കറുത്ത സാധനം അവളുടെ അരികിൽ. പതിയെ ആകാംക്ഷയോടെ അവൾ അതിനെ സൂക്ഷിച്ചുനോക്കി. അതിൻറെ പുറത്ത് രണ്ടു മുട്ട് കൊടുത്തു. സാവകാശം ഒരു കുഞ്ഞ് തല പുറത്തുവന്നു. അവൾ ചെറുതായി പേടിച്ചു. അത് നടന്നുനടന്ന് കടലിലേക്ക് നീങ്ങി. പിറകിൽ അവളും.. അവർക്ക് നടന്നു നീങ്ങാൻ കടൽ രണ്ടായി പിളർന്നു.. അത് അവളെ തിരിഞ്ഞുനോക്കി.. നീ എൻറെ കൂടെ പോരുന്നോ കുഞ്ഞി കടലാമ ചോദിച്ചു. ചിരിച്ചു കൊണ്ട് അവൾ തലയാട്ടി. അവന് പിന്നാലെ നടന്നു. നീ എൻറെ കൂടെ പോരൂ ഞാൻ എൻറെ അമ്മയെ കാട്ടിത്തരാം. അവർ മുന്നോട്ടു പോകുന്തോറും കടൽ പിളർന്നു കൊണ്ടേയിരുന്നു. അവർ സന്തോഷത്തോടെ മുന്നോട്ടു നീങ്ങി. ഷിയാ

എന്ന വിളി കേട്ട് അവൾ ഞെട്ടി.. തിരികെ ഓടി അവൾ. കരയിലേക്ക് പോയി. അച്ഛൻ അവളെ വാരിയെടുത്തു.

മുഹമ്മദ് ഷഹീർ എസ്
9 B

# വിശപ്പ്




വിശപ്പ് അത് നമ്മളറിയാത്ത ഒന്ന്

സുഖത്തിനു മുകളിൽ

പാറുന്ന നമ്മൾ

വിശപ്പ് എന്ന വാക്കിൻറെ
അർത്ഥം എന്തെന്നറിയണം

ഒരു നേരത്തെ വിശപ്പ്

എന്തെന്നറിയാതെ

വേദനയറിയാതെ

ജീവിതം അത് നമുക്കെന്തിന് ?

നമ്മളറിയാതെ വലയുന്നു ആളുകൾ

നമ്മൾ എന്തറിയുന്നു

വിശപ്പ് എന്തെന്ന് അറിയാതെ

ആ വാക്കു കേൾക്കാതെ

ജീവിതം വെറുതെ

ജീവിതം എന്ന വാക്കു വെറുതെ

നിഖിത ഡാനിയേൽ

VI A

# ജലം



ജലമൊരു  കാണാക്കനിയായ്  മാറുന്ന

കാലമതി വിദൂരമല്ല കേട്ടോ ?

ജലവും ജനവും ജയിൽ തുടങ്ങുന്നു

ജീവനദ്ദുത്തമമാണ് സത്യം

ഇന്നു നാം പാഴാക്കുമോരോ കണത്തിനും

രത്നത്തിനേക്കാൾ വിലമതിക്കു

നീരിനെ ശ്രദ്ധമായ് സൂക്ഷിക്കു .......

നമ്മുടെ ജിവ സമ്പത്ത് അതൊന്നു മാത്രം .

അമൃത .ടി .ആർ

*8 B*

# "പ്രളയം ഒരു ഓർമ്മപ്പെടുത്തൽ"




2018 ഓഗസ്റ്റ് , ലോക മലയാളികൾ മറക്കാനിടയില്ലാത്ത ദിവസങ്ങൾ ,ഇടവിട്ട് കനത്തമഴ കാലവർഷം കൂടുതൽ ശക്തമാകുന്നു . അന്തരീക്ഷം എത്ര പെട്ടെന്നാണ് മാറിയത്.സ്വാതന്ത്ര്യദിനാഘോഷത്തിന് തയ്യാറെടുപ്പുകൾ എത്ര പ്രതീക്ഷയോടെയാണ് ചെയ്തത് .എന്നാൽ എല്ലാ പ്രതീക്ഷകളും തെറ്റിച്ച് ആഗസ്റ്റ് 14 ന് കാലവർഷം ശക്തമായി .കേരളത്തിലെ നദികളെല്ലാം കരകവിഞ്ഞൊഴുകി കേരളത്തിൽ ചരിത്രത്തിലാദ്യമായി എല്ലാ ഡാമുകളും തുറന്നു. ആഗസ്റ്റ് 15 ഓടെ കേരളം മുങ്ങിത്തുടങ്ങി .നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം കണ്ട് ജനങ്ങൾ വിറങ്ങലിച്ചു നിന്നു .എല്ലാവരുടെയും പ്രതീക്ഷകളും കണക്കുകൂട്ടലുകളും തെറ്റിച്ച് ജലനിരപ്പുയർന്നു കൊണ്ടേയിരുന്നു .ഒരായുസ്സ് കൊണ്ട് കഷ്ടപ്പെട്ട് വിയർപ്പൊഴുക്കി സമ്പാദിച്ചതെല്ലാം വെള്ളം കൊണ്ടു പോകുന്നത് നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ.എല്ലായിടത്തും സഹായത്തിനുള്ള നിലവിളികൾ മാത്രം .അപ്രതീക്ഷിതമായെത്തിയ പ്രളയത്തെ എങ്ങനെ നേരിടണമെന്നറിയാതെ പകച്ച് സർക്കാർ സംവിധാനങ്ങളും പിന്നീടങ്ങോട്ട് കേരളം കണ്ടത് നന്മയുടെ മുഖങ്ങളാണ് . കേരള സംസ്കാരത്തിന്റെ നല്ല വശങ്ങൾ ഇനിയും മരിച്ചിട്ടില്ല എന്ന ഓർമ്മപ്പെടുത്തലുകളാണ് പിന്നീട് നാം കണ്ടത്.



ഒരു ഉപകാരവും ഇല്ലാതെ മൊബൈലിൽ കളിക്കുന്ന ഫ്രീക്കൻ പയ്യന്മാർ എന്ന് നമ്മൾ കളിയാക്കിയവർ ഒരു കോൾ സെൻറർ പോലെ പ്രവർത്തിച്ച് അപകടത്തിൽപ്പെട്ടവരുടെ വിവരങ്ങൾ ,സ്ഥലം എന്നിവ യഥാസമയം രക്ഷാ പ്രവർത്തകരായ പോലീസ് ഉദ്യോഗസ്ഥരെ അറിയിച്ചു.മത്സ്യബന്ധന ബോട്ടുകളും ആയി അപകടത്തിൽപ്പെട്ടവരെ സാഹായിക്കുവാനും ഭക്ഷണ വിതരണത്തിനുമായി മത്സ്യത്തൊഴിലാളികൾ രംഗത്തുവന്നു . സമൂഹത്തിൽ സ്ഥാനമാനങ്ങൾ നൽകാതെ മാറ്റിനിർത്തിയ ഈ തൊഴിലാളികൾ പതിനായിരക്കണക്കിന് ആളുകൾക്ക് രക്ഷകരായി. ഇവരെ കേരളത്തിലെ സ്വന്തം സൈന്യം എന്ന് വിശേഷിപ്പിച്ച് മുഖ്യമന്ത്രി ആദരിച്ചു. ആരുടെയും ഉത്തരവിന് കാക്കാതെ സ്വയം സന്നദ്ധരായി രക്ഷാപ്രവർത്തനത്തിന് നാടും നാട്ടുകാരും സജ്ജരായി .ദുരന്ത ബാധിത മേഖലകളിലെ ജനങ്ങൾക്ക് ക്യാമ്പ് ഒരുക്കി നാട്ടുകാർ മാതൃകയായി. എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽനിന്നു ജനങ്ങളെ എയർ ലിഫ്റ്റ് ചെയ്തും അവർക്ക് ആവശ്യമായ സാധനങ്ങൾ എയർ ഡ്രോപ്പ് ചെയ്തും സൈന്യത്തിന്റെ സേവനം മാതൃകയായി കേരളത്തെ തോൽപ്പിക്കാൻ വന്ന മഹാപ്രളയത്തെ കേരളീയർ തോൽപ്പിച്ചു ഒറ്റക്കെട്ടായി ,ഐക്യത്തോടെ. ജാതിമതഭേദമില്ലാതെ രാഷ്ട്രീയ ചിന്തകൾ ഇല്ലാതെ വർഗീയത ഇല്ലാതെ

ഉയർന്നവനും താഴ്ന്നവനും തമ്മിൽവ്യത്യാസമില്ലാതെ എല്ലാവരും ഒത്തൊരുമിച്ച് ഈ പ്രളയത്തെ അതിജീവിക്കുകയായിരുന്നു . പ്രളയംമുക്കിക്കളഞ്ഞ ഓണവും ജനങ്ങൾ ഒത്തൊരുമയോടെ ക്യാമ്പുകളിൽ ആഘോഷിച്ചു

അവിടെയും തീരുന്നില്ല ദുരിതം, കേരളത്തിൽ പ്രളയം ബാക്കിവെച്ചത് ചെളിയും ദുർഗന്ധവും മാലിന്യങ്ങളും മാത്രമായിരുന്നു .എല്ലാം വൃത്തിയാക്കി വാസയോഗ്യമാക്കാൻ വീണ്ടും മലയാളി മനസ്സുകൾ ഒപ്പം നിന്നു



.വീടുകൾ സ്കൂളുകൾ ദേവാലയങ്ങൾ എന്നുവേണ്ട എല്ലായിടവും സുമനസ്സുകൾ ഒത്തുചേർന്ന് വൃത്തിയാക്കി. നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ ,പുസ്തകങ്ങൾ വസ്ത്രങ്ങൾ എന്നിവ നൽകി സഹായിക്കാൻ ലോകം മുഴുവൻ കേരളത്തോടൊപ്പം നിന്നു.കേരളീയർ ലോകത്തിന് എത്ര പ്രിയപ്പെട്ടവരാണ് എന്ന് തെളിയിക്കുന്നതായിരുന്നു റെയിൽവേ സ്റ്റേഷൻ എയർപോർട്ട് സീപോർട്ട് എന്നിവിടങ്ങളിൽ വന്ന കുമിഞ്ഞുകൂടിയ ദുരിതാശ്വാസസാമഗ്രികൾ .ലോകത്തുള്ള സുമനസ്സുകളുടെ എല്ലാം കൈത്താങ്ങ് കൊണ്ട് കേരളീയരായ നാം കരകയറി കൊണ്ടിരിക്കുന്നു. *ഈ അവസരത്തിൽ നമ്മൾ ഓർക്കേണ്ട ചിലതുണ്ട് പ്രളയം നമ്മൾ വിളിക്കാതെ വന്ന അതിഥി ആണോ?. ആലോചിക്കണം! പ്രളയം നമ്മൾ ക്ഷണിച്ചുവരുത്തിയ വിപത്താണ്. മണ്ണിനേയും ജലാശയങ്ങളെയും പ്രകൃതിയെയും സ്വന്തം സ്വാർത്ഥതയ്ക്കുവേണ്ടി നമ്മൾ ഉപയോഗിച്ചു , കായലുകൾ നികത്തി , പുഴയോരങ്ങൾ കയ്യേറി, കുളങ്ങളും പാടങ്ങളും നികത്തി ,കുന്നുകൾ ഇടിച്ചു, കാടുകൾ വെട്ടിത്തെളിച്ചു അങ്ങനെ പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ നമ്മൾ കൈകടത്തി.*

*അതേതുടർന്നുണ്ടായ കാലാവസ്ഥാവ്യതിയാനം അല്ലേ ഈ പ്രളയത്തിലേക്ക് നയിച്ചത്.പരിസ്ഥിതി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ സുന്ദരഭൂമിയെ നമുക്ക് പച്ച പുതപ്പിക്കാം. നമ്മുടെ എല്ലാ വികസന പ്രവർത്തനങ്ങളിലും പരിസ്ഥിതി സൗഹാർദ്ദം കാത്തു സൂക്ഷിക്കാം . അമ്മയായ പ്രകൃതിയെ സംരക്ഷിക്കാം.ഇനി ഒരു ദുരന്തം ഉണ്ടാകാതിരിക്കാൻ നമുക്കൊരുമിക്കാം...*

*സബിത മൈതീൻ ടി എം*

## *കൈറ്റ് മിസ്ട്രസ്*

# ഓർമ്മയിലെ ഒരു തേങ്ങൽ



ഡാംതുറക്കുന്നത് കാണാൻ വളരെ ആകാംക്ഷയോടെയാണ് ആളുകൾ നിന്നത്. വേറൊന്നുമല്ല കൊല്ലം കുറെയായില്ലേ ? എന്നാൽ തുറക്കുന്നത് നോക്കിനിന്ന് തുറന്നപ്പോൾ വസന്തിന് നഷ്ടപ്പെട്ടത് ചില്ലറ ഒന്നുമല്ല .എന്ത് പറയാൻ, മഴ നമ്മുടെ കേരളത്തെ വിടണ്ടേ? അങ്ങനെ മഴ മിന്നി തന്നെ പെയ്തു .ഡാം തുറന്നു ,അടുത്ത പ്രദേശങ്ങൾ മുഴുവൻ വെള്ളത്തിലായി. മഴയെ മാത്രമായി പടച്ചവൻ വിട്ടില്ല, മണ്ണിടിച്ചിലും ഒപ്പമുണ്ടായിരുന്നു .അച്ഛനും അമ്മയും അടങ്ങുന്ന ഒരു ചെറിയ കുടുംബത്തിലാണ് അവൻ ജീവിച്ചിരുന്നത് . നാലു വയസ്സുള്ളപ്പോൾ അച്ഛൻ അവനെ വിട്ടുപോയി .പിന്നീട് അവനെല്ലാം അവന്റെ അമ്മയായിരുന്നു .അത്താഴ പട്ടിണിയാണെങ്കിലും അവർ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത് . അങ്ങനെയിരിക്കുമ്പോഴാണ് ഡാം തുറന്നത്. എല്ലാവരുടെയും ഒപ്പം വസന്തും ആകാംക്ഷയോടെ കാണുവാൻ പോയി ."അമ്മേ ഞാൻ വെള്ളം കണ്ടിട്ട് വരാം" എന്നു പറഞ്ഞ് അവൻ ഡാമിന് അരികിലേക്ക് നടന്നു .കുറേ കഴിഞ്ഞ് തിരികെ വീട്ടിലേക്ക് പോന്നു ,വഴിയിൽ ആകെ തിക്കും തിരക്കും .പോലീസ് , ഫയർഫോഴ്സ്,കുറെ ആളുകൾ എന്താണ് സംഭവം എന്ന് എല്ലാവരും പരസ്പരം ചോദിച്ചു. കൃത്യമായ ഉത്തരം കിട്ടാതെ വീട്ടിലേക്ക് നടന്നു.വീട് അടുക്കുന്തോറും തിക്കും തിരക്കും ബഹളവും കൂടിവരുന്നു .പെട്ടെന്ന് ഏതോ ഒരു ഉൽപ്രേരണയാൽ അവൻ ഓടി .ഓട്ടത്തിനൊടുവിൽ അവൻ കണ്ട ദൃശ്യം ജീവിതത്തിലൊരിക്കലും മറക്കാൻ

*കഴിയുന്നതായിരുന്നില്ല .അവന്റെ വീടിരുന്ന സ്ഥലത്ത് ഒരു വലിയ മൺകൂന മാത്ര-മായിരിക്കുന്നു . വീടേത് ,സ്ഥലം ഏതെന്ന് തിരിച്ചറിയാൻ കഴിയാതെ ഒരു മൺകൂന മാത്രം .രക്ഷാപ്രവർത്തകർ മഴയെ വകവെക്കാതെ മണ്ണുമാന്തി കൊണ്ടേയിരുന്നു . കുറെ നേരത്തെ തിരച്ചിലുകൾ ക്കുശേഷം അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് അമ്മയുടെചേതനയറ്റ ശരീരം കിട്ടി. നിഷ്കളങ്കയായി ഉറങ്ങുന്ന ആമുഖം അവനെ തളർത്തി . സ്വന്തമായുണ്ടായിരുന്നത് എല്ലാം കൈയിൽ നിന്ന് തട്ടിയെടുത്ത മഴ അപ്പോഴും ആർത്തട്ടഹസിക്കുന്നുണ്ടായിരുന്നു. തിമിർത്ത് പെയ്യുന്ന മഴയിൽ എങ്ങോട്ടെന്നില്ലാതെ അവൻ നടന്നു....*

*അമീർ*

# പൊതുവിജ്ഞാനം

- ഇന്ത്യയിൽ ഏറ്റവും ജനസംഖ്യ കുറവുള്ള സംസ്ഥാനം?

  ഉത്തരം:സിക്കിം

- *സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം?*

  ഉത്തരം :കേരളം

- ഇന്ത്യയിൽ ഏറ്റവുമധികം ജനങ്ങളുള്ള സംസ്ഥാനം?

  *ഉത്തരം :ഉത്തർ പ്രദേശ്*

- *ലോക ജനസംഖ്യയിൽ ഒന്നാം സ്ഥാനം ഏത് രാജ്യത്തിനാണ് ?*

  *ഉത്തരം : ചൈന*

- *ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനം ഏത് രാജ്യത്തിനാണ് ?*

  *ഉത്തരം : ഇന്ത്യ*

- *ഇന്ത്യയിലെ ഏറ്റവും വലിയ നഗരം ?*

  *ഉത്തരം :മുബൈ*

- *കേരളത്തിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ ജില്ല ?*

  *ഉത്തരം :വയനാട്*

- കേരളത്തിലെ പ്രളയബാധിത പ്രദേശത്ത് ഇന്ത്യൻ സൈന്യം നടത്തിയ രക്ഷാപ്രവർത്തനം ?

  ഉത്തരം : ഓപ്പറേഷൻ സഹയോഗ്

- ആൻഡ്രോയിഡിന്റെ ഏറ്റവും പുതിയ വെർഷൻ ?

  ഉത്തരം :പൈ

- സൗജന്യമായി ഉച്ചയൂണ് വിതരണം ചെയ്യുന്ന നമ്മ ഊണ് പദ്ധതി ആരംഭിച്ച ജില്ല ?

  ഉത്തരം :എറണാകുളം

- ലോക ബാലവേല വിരുദ്ധ ദിനം എന്ന് ?

  ഉത്തരം : ജൂൺ 12

- കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന കേരളത്തിലെ ജില്ല ഏത് ?

  ഉത്തരം : ആലപ്പുഴ

- 2018 ലെ എഴുത്തച്ഛൻപുരസ്കാരം നേടിയതാര്?

  ഉത്തരം : എം മുകുന്ദൻ

- അക്ഷരങ്ങളുടെ നഗരം എന്നറിയപ്പെടുന്ന കേരളത്തിലെ നഗരം?

  ഉത്തരം : കോട്ടയം

- ഏറ്റവും കൂടുതൽ ഭാഷ സംസാരിക്കുന്ന കേരളത്തിലെ ജില്ല?

  ഉത്തരം : കാസർഗോഡ്

# പ്രശ്നോത്തരി (സാങ്കേതിക വിദ്യ )

- സി പി യു വിന്റെ മുഴുവൻ പേര്?

  ഉത്തരം: സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ്

- കമ്പ്യൂട്ടർ കണ്ടുപിടിച്ച വ്യക്തി ആര്?

  ഉത്തരം: ചാൾസ് ബാബേജ്

- സൂപ്പർ കമ്പ്യൂട്ടർ കണ്ടുപിടിച്ച വ്യക്തിആര് ?

  ഉത്തരം: സെയ്മർ ക്രയ്

- കീബോർഡിന്റെ മുകൾ ഭാഗത്തായി കാണപ്പെടുന്ന 12 കീകളെ പറയുന്ന പേര് എന്ത്**?**

  ഉത്തരം: ഫംഗ്ഷൻ കീ

- മൗസിലെ ഏറ്റവും പ്രധാന ബട്ടൺ**?**

  ഉത്തരം:ലെഫ്റ്റ് ബട്ടൺ

- ഏതുതരം ടെക്നോളജിയാണ് നിലവിലെ കമ്പ്യൂട്ടർ ഉള്ളത്**?**

  ഉത്തരം:ബൈനറി ലോജിക്

- കമ്പ്യൂട്ടറിൻറെ തലച്ചോർ എന്നറിയപ്പെടുന്ന ഭാഗം ഏത്?

  ഉത്തരം:സിപിയു

- ഇന്ത്യയിൽ ആദ്യത്തെ സൈബർ ക്രൈം സ്റ്റേഷൻ നിലവിൽ വന്നതെവിടെ? ഉത്തരം:ബാംഗ്ലൂർ

- ഇന്റർനെറ്റ് ഉപയോഗത്തിനായി ആദ്യം രൂപംകൊണ്

  ഉത്തരം:ജാവ

- കേരളത്തിൽ ആദ്യത്തെ കമ്പ്യൂട്ടർ സ്ഥാപിച്ചത് എവിടെ?

  *ഉത്തരം: കൊച്ചി*

## പഴഞ്ചൊല്ലുകൾ

- അകത്തു കത്തിയും പുറത്ത് പത്തിയും.
- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അഞ്ചു വിരലും ഒരുപോലല്ല.
- അടിതെറ്റിയാൽ ആനയും വീഴും.
- *അടിയിരിക്കുന്നിടത്തു ചെകിട്ടു കാണിക്കരുത്.*
- അതിമോഹം കുടിക്കെടുത്തും
- മടിയൻ മല ചുമക്കും
- ഉരുളൻ കല്ലിൽ പായൽ പുരളില്ല
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- സമ്പത്ത് കാലത്ത് തൈ പത്തു വച്ചാൽ ആപത്തു കാലത്തു കാപത്തു തിന്നാം
- മടിയന്റെ തല ചെകുത്താന്റെ പണിപ്പുര
- ചുട്ടയിലെ ശീലം ചുടലവരെ
- പയ്യെ തിന്നാൽ പനയും തിന്നാം
- താണ നിലത്തെ നീരോടൂ

# ലോക പ്രശസ്ത പുരസ്കാരങ്ങൾ

ഗണിതശാസ്ത്രം - ഫീൽഡ്സ് മെഡൽ

ചലച്ചിത്ര അവാർഡ് - ഓസ്കാർ

ഇംഗ്ലീഷ് സാഹിത്യം - ബുക്കർ പ്രൈസ്

സംഗീത രംഗം - ഗ്രാമി

ലോകത്തെ ഏറ്റവും പ്രശസ്തമായ പുരസ്കാരങ്ങളിലൊന്ന്

-നൊബേൽ സമ്മാനം

ഐക്യരാഷ്ട്ര സംഘടന നൽകുന്ന അവാർഡ്

-യു.എൻ.മനുഷ്യാവകാശ അവാർഡ്

ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതി

- ഭാരത രത്നം

മാധ്യമപ്രവർത്തനത്തിനുള്ള ലോകപ്രശസ്തമായ പുരസ്കാരം

- *പുലിറ്റ്സർ*

# പെയ്തൊഴിയാതെ



കാർമേഘത്തിൻ നിഴൽ-

കരിനിറമായെന്റെ ജീവിത

കൂട്ടിൽനിന്ന് പെയ്തൊഴിയാ

തനങ്ങാതെ നിൽക്കുമൊരു

സാഗരമായി മാറുമോ?

ഉറ്റവർ ഉടയവർ ആരെ

ന്നറിവീല എനിക്കിന്ന്

കാണ്മവാ സകലതും

മയാദുരന്തങ്ങളും പിന്നെ

ശവകുടീരങ്ങളും കണ്ണീരും

പ്രകൃത്യായ് ലഭിച്ചവ പലതും

പ്രകൃതിജലം കൊണ്ട് തുടപ്പൂ

നേരം പണ്ട കണ്ടൊരു ക്രൂര
മുഖങ്ങളിന്ന പലതും മാഞ്ഞുപോയാ
മുഖങ്ങളിലിന്ന ദയാദാക്ഷിണ്യം
കണ്ടുപോയിപലതും
ഉടുതുണിയില്ലാ കുരുന്നും
മാനത്തു  പറക്കുന്ന തളികയും
തളികയെ നോക്കിയവർ കൈ
വീശുന്നു കാൽ വീശുന്നു
പെയ്തൊഴിയാത്ത യെൻ മഴ
ചന്ദ്രനെ പോലെ എൻ കൂടെ
കളിക്കാൻ വരുന്നതാണോ എന്നു
ഞാൻ അമ്മയോട് ചോദിപ്പതും
കെട്ടിപ്പുണർന്നു വെൻഅമ്മ
മാറോടു ചേർത്ത് പൊൻ
ഉമ്മ  നല്കിയപ്പോളവളുടെ
കവിൾത്തടങ്ങളിൽ നിന്നും
ഉതിർന്നു ചുടുകണ്ണീർ
മൂകമായി നിശ്ചലമായി
കരയേത് എന്നറിവില്ല
കളിപ്പാട്ടമേത്  എന്നറിവില്ല
കൂട്ടുകാർ എവിടെ എന്നറിവീലയെ
ങ്കിലും ചിത്രക്കടലാസിൽ ഞാൻ കണ്ട
കളി വഞ്ചി  സത്യമാണെന്നറിഞ്ഞു
നന്നാല് മുറികളിൽ താമസ
മായവർ പലരും പിരിഞ്ഞവരും



ഒറ്റക്കൂരയിൽ  ഒന്നായി മാറുന്നതും
 ഒറ്റ പാത്രത്തിൽ നിന്നുണ്ടും
ഉറങ്ങിയും കൂട്ടുകൂടുന്നതും  കണ്ടു ഞാൻ
മാമഴയേ പെരുമഴയേ മഴമേഘമേ
നിന്നോടുകൂടെയെൻ  അച്ഛനും
ഒഴുകുന്നുവോ എന്തിന് അച്ഛൻ പോകണം
എന്നു  ചോദിപ്പതും അമ്മ വീണ്ടും
എന്നെ കെട്ടിപ്പുണർന്നു കരയാതെ.....

അഞ്ജന


+2 സയൻസ്

## വരകളുടെ ലോകം


LET'S WORK TOGETHER TO SAVE OUR KERALA
UNITY IS THE ONLY WAY
OVERCOME THIS HAZAR



HELP
ME!


SAVE OUR GOD'S OWN
COUNTRY



# പ്രകൃതിയിലെ വസന്തം

# വരളുന്ന നാട്



# നന്ദി....